# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ബെവ്കോയിൽ നിന്നും കൺസ്യൂമർഫെഡിന് മദ്യം നൽകാത്ത സാഹചര്യം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1104** | **10.06.2019-ൽ മറുപടിയ്ക്ക്**

**ചോദ്യം**
**ശ്രീ.അൻവർ സാദത്ത്**

**ഉത്തരം**
**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**തൊഴിലും എക്സൈസും വകുപ്പുമന്ത്രി**

**(എ)** ഈസ്റ്റർ കാലത്ത് ആലുവയിൽ വില്പന നടത്തുവാൻ കൺസ്യൂമർ ഫെഡ് മുൻകൂർ തുക അടച്ച് മദ്യം ആവശ്യപ്പെട്ടിട്ടും ബെവ്കോയിൽ നിന്നും ആയത് നൽകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

**(ബി)** പ്രസ്തുത കാലയളവിൽ കൺസ്യൂമർ ഫെഡിന് മദ്യം നൽകാതെ ബാറുടമകൾക്ക് മദ്യം നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ;

**എ) & (ബി)** ഈസ്റ്റർ കാലത്ത് കൺസ്യൂമർ ഫെഡ് മുൻകൂർ തുക അടച്ച് മദ്യം ആവശ്യപ്പെട്ടിട്ട് ഇത് നൽകാത്ത സാഹചര്യം ആലുവ വെയർ ഹൗസിൽ ഉണ്ടായിട്ടില്ല. എന്നാൽ ആലപ്പുഴ വെയർഹൗസിൽ ഇപ്രകാരം താമസം ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡിന്റെ ചെയർമാൻ സമർപ്പിച്ച പരാതിയിൻമേൽ അന്വേഷണം നടത്തുകയും കെ.എസ്.ബി.സി. എഫ്.എൽ-9 ആലപ്പുഴ വെയർഹൗസിൽ നിന്നും മദ്യം വാങ്ങുന്ന കൺസ്യൂമർ ഫെഡറേഷന്റെ ചില്ലറ വില്പനശാലകൾ ഈസ്റ്റർ സീസണിൽ മുൻകൂറായി പണമടച്ചിട്ടും അവർക്ക് വൈകിയാണ് മദ്യം ലഭിച്ചതെന്ന് കണ്ടെത്തുകയുമുണ്ടായി. കൺസ്യൂമർ ഫെഡറേഷന്റെ ചില്ലറ വില്പനശാലകൾക്ക് നൽകാനുള്ള മദ്യക്കുപ്പികളിൽ ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ പതിയ്ക്കുന്നതിന് കാലതാമസം നേരിട്ടതാണ് ഇതിന് കാരണം. ടി വെയർഹൗസിൽ പ്രസ്തുത കാലയളവിൽ കൺസ്യൂമർ ഫെഡിന്റെ ചില്ലറ വില്പനശാലകൾക്ക് മദ്യം നൽകാൻ കാലതാമസം ഉണ്ടായിട്ടുള്ളതായും, ബാറുകൾക്ക് കാലതാമസം കൂടാതെ മദ്യം നൽകിയിട്ടുള്ളതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

| | | |
|---|---|---|
| (സി) | ഉണ്ടെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | **(സി)** അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ബി.സി. എഫ്.എൽ-9 ആലപ്പുഴ വെയർഹൗസിലെ ലേബലിംഗ് അസിസ്റ്റന്റ്, ലേബലിംഗ് വിഭാഗത്തിലെ അബ്കാരി വർക്കർ എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

Senthosh

**സെക്ഷൻ ഓഫീസർ**